"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊല്ലം ജില്ലാ പഞ്ചായത്ത് - സംസ്ഥാന സ്കൂൾ യുവജനോത്സവവുമായി ബന്ധപ്പെട്ട് ജില്ലയിലെ വിദ്യാഭ്യാസ മേഖലയിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത വിവിധ പദ്ധതികളുടെ വിവരങ്ങൾ പരസ്യപ്പെടുത്തുന്നതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2551/2023/LSGD തീയതി,തിരുവനന്തപുരം, 22-12-2023

---

പരാമർശം:-
1. കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 30.11.2023 തീയതിയിലെ അപേക്ഷ.
2. 19.06.2023തീയതിയിലെ സ.ഉ(സാധാ).1263/2023/LSGD ഉത്തരവ്.

**<u>ഉത്തരവ്</u>**

2024 ജനുവരി 3 മുതൽ കൊല്ലത്ത് വച്ച് നടക്കുന്ന സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ വിദ്യാഭ്യാസ മേഖലയിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ, സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്ന് എത്തുന്ന വിദ്യാർത്ഥികളെയും രക്ഷാകർത്താക്കളെയും അറിയിക്കുന്നതിനായി നവമാധ്യമങ്ങളിലൂടെയും അല്ലാതെയും വിവിധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുവാനായി ജില്ലാ പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചിട്ടുണ്ട് എന്നും, ഇതിലേക്കായി തനത് ഫണ്ടിൽ നിന്നും മൂന്നു ലക്ഷം രൂപ ചെലവഴിക്കുന്നതിനായി അനുവാദം നൽകണമെന്നും കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 ജനുവരി 3 മുതൽ നടക്കുന്ന സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ വിദ്യാഭ്യാസ മേഖലയിൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ചും മറ്റും നവമാധ്യമങ്ങളിലൂടെയുള്ള പ്രചരണങ്ങൾ, യുവജനോത്സവ പരസ്യ ബോർഡുകൾ, വിവിധ ചിത്രീകരണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുവാനായി പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പരമാവധി 3 ലക്ഷം രൂപ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവര്‍ണറുടെ ഉത്തരവിന്‍ പ്രകാരം)
ഹര്‍ഷ വി എസ് കെ എ എസ്
അണ്ടര്‍ സെക്രട്ടറി

പ്രിന്‍സിപ്പല്‍ ഡയറക്ടര്‍, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയര്‍മാന്‍ & ഡയറക്ടര്‍, ഇന്‍ഫര്‍മേഷന്‍ കേരള മിഷന്‍, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റില്‍ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറല്‍ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കല്‍ ഫണ്ട് ആഡിറ്റ് ഡയറക്ടര്‍, തിരുവനന്തപുരം.
ഡയറക്ടര്‍, ഐ & പി.ആര്‍.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയല്‍ / ഓഫീസ് കോപ്പി.

ഉത്തരവിന്‍ പ്രകാരം
Signed by
Resmi R S
Date: 22-12-2023 17:06:30
സെക്ഷന്‍ ഓഫീസര്‍

പകര്‍പ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്,
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.